"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ബ്രിക്സ് അസോസിയേഷൻ ഓഫ് സിറ്റീസ് & മുനിസിപ്പാലിറ്റീസ് - തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീ.എം.കെ.വർഗ്ഗീസ് റഷ്യയിലെ കസാനിൽ വെച്ച് നടന്ന യോഗത്തിൽ പങ്കെടുത്ത നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.361/2025/LSGD തീയതി,തിരുവനന്തപുരം, 05-02-2025

---

പരാമർശം:-

1. Mayor Of Kazan - ന്റെ 22.03.2024 തിയതിയിലെ 111/MO റഫറൻസ് നമ്പർ കത്ത്.
2. തൃശ്ശൂർ കോർപ്പറേഷൻ മേയറുടെ 21.05.2024, 23.11.2024 ,07.01.2025 തീയതികളിലെ കത്തുകൾ.

**ഉത്തരവ്**

ബ്രിക്സ് അസോസിയേഷൻ ഓഫ് സിറ്റീസ് & മുനിസിപ്പാലിറ്റീസ്- മുനിസിപ്പൽതല പ്രായോഗിക സഹകരണവും സംയുക്ത പദ്ധതികളും നടപ്പാക്കുന്നതു വഴി ഐക്യവും പരസ്പര വിശ്വാസവും ഊട്ടി ഉറപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 21.06.2024-ൽ റഷ്യയിലെ കസാനിൽ വെച്ച് നടന്ന യോഗത്തിൽ തൃശ്ശൂർ കോർപ്പറേഷനെ പരാമർശം (1) പ്രകാരം ക്ഷണിച്ചിരുന്നു. പ്രസ്തുത യോഗത്തിൽ പങ്കെടുത്തതിന് മേയർ ശ്രീ. എം.കെ.വർഗ്ഗീസിന് അനുമതി ലഭ്യമാക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീ.എം.കെ.വർ ഗ്ഗീസ്, ബ്രിക്സ് അസോസിയേഷൻ ഓഫ് സിറ്റീസ് & മുനിസിപ്പാലിറ്റീസ് - റഷ്യയിലെ കസാനിൽ വെച്ച് 21.06.2024 -ൽ നടത്തിയ യോഗത്തിൽ പങ്കെടുത്ത നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

മേയർ/സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/192/2024-LSGD].

ഉത്തരവിൻ പ്രകാരം
Signed by
Ajith Kumar K A
Date: 06-02-2025 11:20:32
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.